## പത്രക്കുറിപ്പ്

അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് അടുത്ത് വരുന്ന ഈ ഘട്ടത്തിൽ പ്രക്രിയയിൽ വോട്ടർമാർക്കുള്ള വിശ്വാസം ഉറപ്പ് വരുത്തുന്നതാണ്. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ച് ( Electronic Voting Machine) വോട്ടെണ്ണൽ നടത്തുമ്പോൾ ജനാധിപത്യ തത്വങ്ങൾ പാലിക്കപ്പെടണം. തെരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ച് പഠിക്കാൻ രൂപീകരിക്കപ്പെട്ട ജനകീയ കമ്മീഷൻ.

ആരോഗ്യകരമായ ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയയിലും നടത്തിപ്പിലും പത്രങ്ങൾക്ക് സജീവ താൽപര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൽ 324 ന് സൗജന്യമായി നില വിൽ വന്ന ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ജനാധിപത്യ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്നത് സ്വതന്ത്ര സമരാനുകൂലികളായി സഹകരിച്ചുകൊണ്ട് പലപ്പോഴും പ്രവർത്തിച്ചുവരുന്നത്. ഇങ്ങിനെയുള്ള പൗരസംഘടനകൾ ജനങ്ങളുടെ ആകാംക്ഷയും ആശങ്കകളും കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്താറുണ്ട്.

2019 ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് ഗുരുതരമായ വിവാദങ്ങൾ ഉയർന്നതും പ്രസക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഏതാനും സംഘടനകൾ തെരഞ്ഞെടുപ്പിന്റെ നൈതികതയെ തന്നെ ചോദ്യം ചെയ്തതും വളരെ നിർഭാഗ്യകരമാണ്. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് ഡിഫൻസ്, കോൺസ്റ്റിറ്റ്യൂഷൻ കോണൺഡക്റ്റ് ഗ്രൂപ്പ്, ഫോറം ഫോർ ഇലക്റ്ററൽ ഇൻഗ്രിറ്റി, ഡൽഹി സയൻസ് ഫോറം, അമൽ ബിനാമി ട്രസ്റ്അറ്,പീപ്പിൾസ് ഫസ്റ്റ്, സെന്റർ ഫോർ ഫിനാൻഷ്വൽ എക്കൗണ്ടബിലിറ്റിഎന്നിവ EV യന്ത്രങ്ങളുടെ കൃത്യതയില്ലായ്മിയിലേക്കും തെരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്പക്ഷതയില്ലായ്മയിലേക്കും ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ നിർബന്ധിതമായ സംഘടനകളിൽ ചിലതാണ്. പ്രധാന ഭരണകക്ഷി നടത്തിയ മാതൃകാ പെരുമാറ്റചട്ടങ്ങളുടെ ലക്ഷണവും ചട്ടലംഘനം സംബന്ധിച്ച പരാതികളിൽ നടപടിയെടുക്കണമെങ്കിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വിമുഖത കാണിച്ചതും സംബന്ധിച്ച് പ്രധാന രാഷ്ട്രീയ കക്ഷികളും മുഖ്യധാരാ മാധ്യമങ്ങളും, പൗരസമിതികളും അപ്പോൾ തന്നെ ആശങ്ക പ്രകടിപ്പിച്ചിരുന്നു.

മേല്പറഞ്ഞ വിഷയങ്ങളിൽ ഇലക്ഷൻ കമ്മിഷൻ ഒരു ആത്മപരിശോധനക്ക് തയ്യാറാകാതിരുന്നതിനാൽ എം ജി ദേവസഹായം എന്ന മുതിർന്ന റിട്ടയേർഡ് ഐ എ സ് ഉദ്യഗസ്ഥൻ ഇക്കാര്യത്തിൽ ഒരു മുൻകൈ എടുക്കുകയും നിരവധി സിവിൽ സൊസൈറ്റി സംഘടനകളുമായും, ഇക്കാര്യത്തിൽ ഇലക്ഷൻ കമ്മിഷന്റെ നിലപാടുകളോട് വ്യസ്ത്യസ്ത അഭിപ്രായമുള്ള സംഘടനകളുമായും ചർച്ചകൾ നടത്തി. രണ്ടായിരത്തിപത്തൊൻപതിലും രണ്ടായിരത്തി ഇരുപതിലുമായി നിരവധി സെമിനാറുകളും പൊതുചർച്ചകളും ഇക്കാരത്തിൽ നടത്തുകയുണ്ടായി. ഈ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ഒരു പ്രാധന നിർദ്ദേശം ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ ഇലക്ഷൻ സംബന്ധിച്ച ഇന്ന് നടക്കുന്ന സംവിധാനങ്ങളെക്കുറിച്ച് വിമർശനാത്മകമായി പഠിക്കുന്നതിനു ഒരു സംഘടന രൂപീകരിക്കണം എന്നതാണ്. അങ്ങനെയാണ് സിറ്റിസൻ കമ്മിഷൻ ഓൺ ഇലക്ഷൻ (Citizens Commission on Election ) എന്ന പ്രസ്ഥാനത്തിന് രൂപം കൊടക്കുന്നത്. ഇതിന്റെ പ്രധനപെട്ട ഉദ്ദേശം ഇന്ത്യയിലെ ഇലക്ഷൻ സംവിധാനം സുഗമമായും സമഗ്രമായും നടത്തുന്നതിന് വേണ്ടിയിട്ടുള്ള പൊതു നിർദ്ദേശങ്ങൾ സ്വരൂപിക്കുക എന്നതാണ്.2020 മാർച്ച് 5 ന് രൂപീകരിച്ച CCE ൽ താഴെ പറയുന്നവർ അംഗങ്ങൾ ആണ്.

1. ശ്രീ. ജസ്റ്റിസ് മദൻ ലോക്കൂർ , മുൻ സുപ്രീം കോടതി ജഡ്ജി, ചെയർമാൻ
2. ശ്രീ. വജാഹത്ത് ഹബീബുള്ള , ഐ എ എസ് റിട്ടയേർഡ് സി ഐ സി വൈസ് ചെയർമാൻ
3. ശ്രീ. ജസ്റ്റിസ് ഹരി പുരന്തമാൻ , മുൻ ജഡ്ജി മദ്രാസ് ഹൈ കോടതി
4. ശ്രീ. പ്രൊഫസർ അരുൺ കുമാർ , പ്രമുഖ സാമ്പത്തിക വിദഗ്ദ്ധൻ
5. ഡോ. ജോൺ ദയാൽ , സാമൂഹ്യ പ്രവർത്തകൻ
6. ശ്രീമതി. പമില ഫിലിപ്പോസ് , സീനിയർ ജേർണലിസ്റ്റ്
7. ഡോ : സുഭാഷിഷ് ബാനർജി , പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ്, ഐ ഐ റ്റി ന്യൂഡൽഹി
8. ശ്രീ. സുന്ദർ ബുര - റിട്ടയേർഡ് ഐ.എ.എസ്, കോൺസ്റ്റിറ്റ്യൂഷൻ മെമ്പർ കൺവീനർ കോൺഡക്റ്റ് ഗ്രൂപ്പ്

പീപ്പിൾ ഫസ്റ്റ് - കോൺസ്റ്റിറ്റ്യൂഷൻ കോൺഡക്റ്റ് ഗ്രൂപ്പ് എന്നീ സംഘടകനൾക്ക് നേതൃത്വം വഹിക്കുന്ന എം.ജി ദേവസഹായ കമ്മീഷന്റെ കോർഡിനേറ്റർ ആണ്.

തെരഞ്ഞെടുപ്പിന്റെ വിവിധ മേഖലകളെ കുറിച്ച് കമ്മീഷൻ പഠനം നടത്തി EVM, VVPAT സംവിധാനത്തിന്റെ അപ്രമാദിത്വം, കൃത്രിമം നടക്കാനുള്ള സാദ്ധ്യത എന്നിവ സംബന്ധിച്ച കണ്ടെത്തലുകളാണ് ആദ്യത്തെ മേഖലാ റിപ്പോർട്ടിന്റെ ഉള്ളടക്കം . അതാണ് ഇത് പ്രകാശനം ചെയ്യുന്നത് ഡൽഹി ഐ.ഐ.ടിയിലെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് പ്രൊഫസറായ ഡോക്ടർ സഞ്ജീവ പ്രസാദാണ് ഈ പഠനത്തിന് നേതൃത്വം നൽകിയത്. റിപ്പോർട്ട് എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ റിപ്പോർട്ടിൽ അന്യത്ര പ്രതിപാദിച്ച ജനാധിപത്യ തത്വങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടാണോ EV യന്ത്രങ്ങൾ പ്രവർത്തിക്കുന്നത്. അല്ലെങ്കിൽ അവ എത്രത്തോളും പാലിക്കപ്പെടുന്നുണ്ട് എന്ന അളവുകോലുപയോഗിച്ചാണ് യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയത്. ചുരുക്കത്തിൽ വോട്ടർമാർക്ക് അവർക്കിഷ്ടമുള്ള സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാൻ സാധിക്കുക, ആ വോട്ട് യന്ത്രത്തിൽ രേഖപ്പെടുത്തുകയും എണ്ണുകയും ചെയ്യുക, അതിൽ തിരിമറി നടക്കാതിരിക്കുക, എല്ലാ നടപടികളും സുതാര്യമായിരിക്കുക എന്നീ കാര്യങ്ങൾക്കുണ്ട് പ്രാധാന്യം നൽകിയത്. തെരഞ്ഞടുപ്പ് പ്രക്രിയ ആർക്കും മനസ്സിലാക്കാനും പരിശോധിക്കാനും സാധിക്കുന്നതും ഏത് സാങ്കേതിക വിദ്യ ഉപയോഗിച്ചാലും എളുപ്പത്തിൽ ഓഡിറ്റിന് വഴങ്ങുന്നതും ആയിരിക്കണമെന്ന് ജനാധിപത്യ തത്വങ്ങൾ അനുശാസിക്കുന്നു. വോട്ടർ ചെയ്ത വോട്ടിന്റെ കാര്യത്തിൽ തെറ്റ് വരുത്താനോ തെറ്റായി വ്യാഖ്യാനിക്കാനോ ഒരു തരത്തിലുള്ള പഴുതും ഉണ്ടാകാൻ പാടില്ല.

ദേശീയവും അന്തർദേശീയവുമായ വിദഗ്ദരുടെ അഭിപ്രായങ്ങളുടെയും സത്യപ്രസ്താവനകളുടെയും അടിസ്ഥാനത്തിലാണ് വിദഗ്ദസംഘം റിപ്പോർട്ട് തയ്യാറാക്കിയത്. ഏറ്റവും വികസിതമായ രാജ്യങ്ങളിൽ പോലും തെരഞ്ഞെടുപ്പിന് എന്ത്കൊണ്ടാണ് ഇലക്ട്രോണിക് യന്ത്രങ്ങളുപയോഗിക്കാനാണ് എന്നതിന്റെ കാരണങ്ങൾ അവർ വെളിപ്പെടുത്തുന്നുണ്ട് . ജനകീയ കമ്മീഷൻ മുൻപാകെ സത്യപ്രസ്താവന സമർപ്പിച്ച വ്യത്യസ്ത വിഷയങ്ങളിലെ വിദഗ്ദ്ധർ താഴെ പറയുന്നവരാണ്.

പൂർവി .എൻ - വോറ, ഭഗീരത് നരഹരി , ജോർജ് വാഷിംഗ്ടൺ സർവ കലാശാല വാഷിംഗ്ടൺ ഡി.സി, യു.എസ്.എ

അലോക് ചൗധരി- നോർത്ത് വെസ്റ്റേൺ സർവകലാശാല ഇവാൻസ്റ്റൺ, യു.എസ്.എ

ബപ്പ സിംഹ - സ്വതന്ത്ര സോഫ്റ്റ്‌വേർ പ്രസ്ഥാനം, ഇന്ത്യ

സുബാഷ് ശർമ - ഐ.ഐ.ടി ഡൽഹി

വെങ്കടേശ് നായക് വിവരാവകാശ നിയമ പ്രവർത്തകൻ

കെ.വി സുബ്രഹ്മണ്യം - പ്രൊഫസർ, കമ്പ്യൂ ട്ടർ സയൻസ്, ചെന്നൈ മാത്മറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈ,

ഇന്ത്യ

പൂനംഅഗർവാൾ, പത്ര പ്രവർത്തക ദ ക്വിന്റ്

അനുപം സറാഫ് - പ്രൊഫ സർ ഫ്യൂച്ചർഡിസൈൻ

എം.ജി ദേവസഹായം റിട്ടയേർഡ് ഐ.എ.എസ്